പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.329 | 20.06.2019 ൽ മറുപടിയ്ക്ക്

സപ്ലൈകോയെ ജനോപകാരപ്രദമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.എം.രാജഗോപാലൻ<br>ശ്രീ.കെ.ബാബു | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്ന പ്രഖ്യാപനം സംസ്ഥാനത്തെ പൊതുമാർക്കറ്റിൽ ഭക്ഷ്യ വസ്തുക്കളുടെ വില നിയന്ത്രിക്കാൻ എത്ര മാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. അനിയന്ത്രിതമായ ഇന്ധന വിലവർദ്ധനവും കാർഷിക മേഖയിലെ ഉൽപ്പാദന മാന്ദ്യവും നിമിത്തം മറ്റ് സംസ്ഥാനങ്ങളിൽ അവശ്യസാധനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടും സംസ്ഥാനത്ത് വൻ തോതിലുള്ള വിലക്കയറ്റം പ്രകടമാകാത്തത് സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്ന പ്രഖ്യാപനത്തിന്റെ ഫലമായിട്ടാണ്. അയൽ സംസ്ഥാന പട്ടണങ്ങളായ കോയമ്പത്തൂർ, മംഗലാപുരം, ഹൈദരാബാദ് എന്നിവിടങ്ങളിലെ നിത്യോപയോഗ സാധനങ്ങളുടെ പൊതുവിപണിവിലയേക്കാൾ കാര്യമായ വിലവർദ്ധന സംസ്ഥാനത്തുണ്ടായിട്ടില്ല. |
| (ബി) | സപ്ലൈകോയെ ജനോപകാര പ്രദമാക്കിത്തീർക്കുന്നതിന് നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | സബ്സിഡി നിരക്കിൽ പതിനാലിനം അവശ്യ സാധനങ്ങൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യ ധാന്യങ്ങൾ 10 മുതൽ 20%വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ ശബരി ബ്രാൻഡിലും എംആർപി യേക്കാൾ ശരാശരി 5 മുതൽ 30% വരെ വിലക്കുറവിൽ FMCG (Fast moving consumer goods) സാധനങ്ങളും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ കാലങ്ങളിൽ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ, പ്രത്യേക ചന്തകളും സംഘടിപ്പിച്ചു വരുന്നു. സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സുതാര്യമായ പർച്ചേസ് രീതികൾക്ക് |

| | | | |
|---|---|---|---|
| | | | പുറമെ, നാഫെഡ് മുതലായ കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ സംഭരിക്കുന്നു. ഗൃഹോപകരണങ്ങൾ, കുപ്പിവെള്ളം എന്നിവയും കുറഞ്ഞ വിലയ്ക്ക് വിൽപ്പന ആരംഭിച്ചിട്ടുണ്ട്. |
| (സി) | വിപണന കേന്ദ്രങ്ങളുടെ കഴിഞ്ഞ വർഷത്തെ വിറ്റുവരവ് എത്രയായിരുന്നെന്നും ഈ വർഷം ലക്ഷ്യമിട്ടിരിക്കുന്ന നാലായിരത്തി അഞ്ഞൂറ് കോടി രൂപയുടെ വിറ്റുവരവ് സാധ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വിപണന തന്ത്രങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ; | (സി) | സപ്ലൈകോയുടെ കഴിഞ്ഞ വർഷത്തെ വിറ്റുവരവ് 3,717.27 കോടി രൂപയാണ്. ഓരോ ഡിപ്പോയ്ക്കും ശാസ്ത്രീയമായ രീതിയിൽ ടാർജറ്റ് നിശ്ചയിച്ച് നൽകി വിൽപ്പന വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള വിപണന ശൃംഖല വിപുലീകരിക്കുന്നതിനും വിൽപ്പന കേന്ദ്രങ്ങളിൽ ആധുനിക സൗകര്യങ്ങളൊരുക്കി കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത വിൽപ്പനശാലകൾ വഴി ഗൃഹോപകരണ വിൽപ്പന ആരംഭിച്ചും ആകർഷകമായ പരസ്യങ്ങളിലൂടെ ശബരി ബ്രാൻറ് ഉൽപ്പന്നങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് വിവിധ ബ്രാൻറഡ് കമ്പനികളുമായി ചേർന്ന് സെയിൽസ് പ്രൊമോഷൻ പദ്ധതികൾ നടപ്പിലാക്കിയും സപ്ലൈകോയുടെ ഉൽപ്പന്നങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്തും സപ്ലൈകോയുടെ ഈ വർഷത്തെ വിറ്റുവരവ് നാലായിരത്തി അഞ്ഞൂറ് കോടി രൂപയാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. |
| (ഡി)<br><br>(ഇ) | സപ്ലൈകോയുടെ വാങ്ങൽ വിൽക്കൽ ഇടപാടുകളെല്ലാം കമ്പ്യൂട്ടർവൽക്കൃതമാക്കി കേന്ദ്രീകൃത മേൽനോട്ടത്തിലൂടെ അഴിമതിരഹിതമാക്കാൻ പദ്ധതിയുണ്ടോ;<br><br>വിപണി വൈവിധ്യവൽക്കരണ പദ്ധതിയുടെ വിശദവിവരം നൽകാമോ? | (ഡി) യും (ഇ) യും | ഉണ്ട്. വിപണി വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി, ചില്ലറ വില്പന മേഖലയിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് വില്പനശാലകൾ നവീകരിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും ആകർഷകവും ഏകീകൃതവുമായ നെയിം ബോർഡുകൾ എല്ലാ വിൽപ്പനശാലകളിലും സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടുതൽ സ്ഥല സൗകര്യമുള്ള മാവേലി സ്റ്റോറുകളെ സെൽഫ് സർവീസ് സൗകര്യത്തോട് കൂടി 'മാവേലി സൂപ്പർ സ്റ്റോറുകൾ' എന്ന ശ്രേണിയിലുള്ള വിപണന കേന്ദ്രങ്ങളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനും സംസ്ഥാനത്തെ റേഷൻ കടകൾ വഴിയും മൽസ്യബന്ധന വകുപ്പിന് കീഴിലുള്ള തീരമാവേലി സ്റ്റോറുകൾ വഴിയും സപ്ലൈകോ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റീറ്റെയ്ൽ ഷോപ്പിംഗ് മേഖലയിലെ സാധ്യത കണക്കിലെടുത്ത് ഇ-കൊമേഴ് സ് വില്പന ആരംഭിക്കുന്നതും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ